മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**(സംഗ്രഹം)**

ജീവനക്കാര്യം: സ്ഥാനക്കയറ്റം, സ്ഥലം മാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5344/എ1/2/2018/ഭരണവിഭാഗം — തീയതി, പ്രിയദർശിനി ഹിൽസ്, 06.07.2018

സൂചന: 1) സർവ്വകലാശാല ഉത്തരവ് നമ്പർ 5295/എ1/2/2018/ഭരണവിഭാഗം തീയതി 04.07.2018.
2) 06.07.2018 തീയതിയിലെ വൈസ് ചാൻസിലറുടെ ഉത്തരവ്.

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും മറുപടികൾ ക്രോഡീകരിക്കുന്നതിനും, ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്ന പബ്ലിക് ഇൻഫർമേഷൻ ഓഫീസ് സെക്ഷനെ ശക്തിപ്പെടുത്തുന്നതിനും പ്രസ്തുത ജോലികളുടെ മേൽനോട്ടത്തിനുമായി സിൻഡിക്കേറ്റ് തീരുമാനപ്രകാരം താൽക്കാലികമായി ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തിക സൃഷ്ടിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ആയതിൻപ്രകാരം ഹയർഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാറായ ശ്രീ. ലാലപ്പൻ സി.ആർ.-നെ പുതുതായി സൃഷ്ടിച്ച ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്ക് രൂപ 77,400 - 1,15,200/- ശമ്പളസ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, സെക്ഷൻ 3.10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. ശ്രീ. ലാലപ്പൻ സി.ആർ., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സർവ്വകലാശാല പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല കൂടി താൽക്കാലികമായി നൽകുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. വേണുഗോപാലൻ കർത്ത കെ.എൻ.-നെ, പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ-XI ആയി, ശ്രീ. ലാലപ്പൻ സി.ആർ.-ന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് മാറ്റി നിയമിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീകുമാർ കെ.ആർ.
ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ/എഡി.എ III/ എഡി.എ VI/എഡി.സി I/II/III/ഓഡിറ്റ് II/III / FCC
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഡേ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-200/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം